LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടർ തുറക്കുന്നതാണ്. രണ്ടാമത്തെ പ്രവൃത്തിക്ക് രണ്ടാംതവണ ക്ഷണിച്ച ടെണ്ടർ പരിശോധിച്ചുവരുന്നു. മൂന്നാമത്തെ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചു. 4-2-2016-ൽ തുറന്നു. ലഭിച്ച രണ്ട് ടെണ്ടറുകൾ പരിശോധിച്ചുവരുന്നു. തൃക്കൊടിത്താനം പഞ്ചായത്തിലെ അമരയിലേയ്ക്ക് 1500 മീറ്റർ പൈപ്പ് ലൈൻകൂടി സ്ഥാപിക്കാനുണ്ട്. പി.ഡബ്ല്യു.ഡി.-യിൽനിന്നുള്ള അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-യിൽനിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് റോഡ് റസ്റ്റോറേഷനുള്ള പണം അടച്ച് പണികൾ പൂർത്തിയാക്കുന്നതാണ്. പായിപ്പാട് പഞ്ചായത്തിൽ അംബേദ്കർ ഗ്രാമത്തിലേയ്ക്ക് പൈപ്പ് ലൈൻ നേരത്തെ സ്ഥാപിച്ചെങ്കിലും റോഡ് പണിമൂലം പൈപ്പ് ലൈനുകൾക്ക് കേടുപാടുകൾ സംഭവിച്ചു. അതിനാൽ ചില ഭാഗങ്ങളിൽ പുതുതായി പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതായി വന്നു. ഇതിനുള്ള കരാർ നൽകിക്കഴിഞ്ഞു. പണികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതാണ്.

മീനാട് ശുദ്ധജല വിതരണ പദ്ധതി

189(890) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനാണ് വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതുപ്രകാരം എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിവച്ച് വിശദവിവരം വെളിപ്പെടുത്താമോ;

(സി) ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എത്ര പേർക്ക് കുടിവെള്ളത്തിന് കണക്ഷൻ നൽകിയെന്ന് അറിയിക്കുമോ; ശേഷിക്കുന്ന അപേക്ഷകർക്ക് എന്നത്തേയ്ക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതിപ്രകാരം 52000 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകാനാണ് വിഭാവന ചെയ്തത്.

(ബി&സി)

നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനം (പഞ്ചായത്ത്/മുനിസിപ്പാലിറ്റി)	അപേക്ഷ സ്വീകരിച്ചത്	കണക്ഷൻ നൽകിയത്
1	കരവാളൂർ	306	236
2	ഇടമുളയ്ക്കൽ	943	336
3	അഞ്ചൽ	150	-
4	ഇളമാട്	646	-
5	ഉമ്മന്നൂർ	379	-
6	വെളിയം	683	-
7	പൂയപ്പള്ളി	405	339
8	നെടുമ്പന	1345	6
9	ചിറക്കര, ചാത്തന്നൂർ	2409	2192
10	പൂതക്കുളം	565	-
11	മയ്യനാട്(1) ആദിച്ചനെല്ലൂർ (പാർട്ട്)	195	-
12	മയ്യനാട് (2)	521	10
13	പരവൂർ മുനിസിപ്പാലിറ്റി	866	-
	ആകെ	9413	3119

ശേഷിക്കുന്ന അപേക്ഷകർക്ക് 2017 ഫെബ്രുവരിക്കുള്ളിൽ കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മിതമായ നിരക്കിൽ കുടിവെള്ളം പദ്ധതി

190(891) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം മിതമായ നിരക്കിൽ കുപ്പികളിലും പായ്ക്കറ്റിലും ആയി ലഭ്യമാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജല അതോറിറ്റിയുടെ കീഴിൽ ഓരോ ജില്ലയിലും ജലലഭ്യത കുറഞ്ഞ കേന്ദ്രങ്ങളിൽ ഇത്തരത്തിലുള്ള പ്ലാന്റുകളും യൂണിറ്റുകളും സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly